## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .84 | 28-10-2019 -ൽ മറുപടിക്ക്

### പ്രളയ പുനരധിവാസവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി യു. പ്രതിഭ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | ആലപ്പുഴ ജില്ലയിൽ പ്രളയ പുനരധിവാസവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | എ) | ആലപ്പുഴ ജില്ലയിൽ റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പൂർണ്ണമായി നാശനഷ്ടം സംഭവിച്ച 2984 വീടുകൾക്ക് വീട് പുനർനിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകിയിട്ടുണ്ട്. സഹകരണ വകുപ്പിന്റെ കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി പൂർണ്ണമായി നാശം സംഭവിച്ച 165 ഗുണഭോക്താക്കൾക്ക് വീട് പുനർ നിർമ്മിക്കുന്നതിനുള്ള ധനസഹായം അനുവദിച്ച് പുനർനിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ജില്ലയിൽ നിന്നും സ്പോൺസർഷിപ്പ് പ്രകാരം 98 വീടുകൾ നിർമ്മാണം പൂർത്തിയാക്കി ദുരിതബാധിതർക്ക് കൈമാറിയിട്ടുണ്ട്. |
| ബി) | എത്ര തുകയാണ് ഇതിനായി വിനിയോഗിക്കുന്നത്; വിശദമാക്കാമോ? | ബി) | റീ ബിൽഡ് കേരളയുടെ ഭാഗമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 261.5 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 428.86 കോടി രൂപയും ചിലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ